# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറാക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM.13/2268/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM.13/2268/23 തീയ്യതി: 30/10/2023

## മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2022 മുതൽ 19-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ( കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ് പി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനീത് ബാബു കെ.ടി സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഇദ്രീസ് അബ്ദുള്ള. എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സജ്ന ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 30-12-2022 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 31-12-2022 | 24-01-2023 |
| ശ്രീമതി. സജിത നന്നേങ്ങാടൻ | പ്രസിഡന്റ് | 25-01-2023 | 31-03-2023 |
| ശ്രീ. ഷിഹാബ് എം | സെക്രട്ടറി | 01-04-2022 | 18-04-2022 |
| ശ്രീമതി. ബിജി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-04-2022 | 06-10-2022 |
| ശ്രീ. പ്രഭാകരൻ പരി | സെക്രട്ടറി | 07-10-2022 | 31-10-2022 |
| ശ്രീമതി. ബിജി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2022 | 26-12-2022 |
| ശ്രീ. മിഥുൻ കൈലാസ് സി.എ | സെക്രട്ടറി | 27-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിജി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ഫൗസിയ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-05-2022 |
| ശ്രീമതി. ലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 28-05-2022 | 11-10-2022 |
| ശ്രീ. സുഭാഷ് കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 31-03-2023 |
| ശ്രീമതി. സൈനബ കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ സലീം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുധ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.ഷുഹൈബ് പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ശിവദാസൻ സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. അയ്യൂബ് ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സബീല | മെഡിക്കൽ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(എഫ്.എച്ച്.സി) | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുക**കൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിപ്രിസിയേഷൻ- അനുബന്ധ വിവരങ്ങളില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | തൊഴിൽ നികുതി വരവ് ഡി.സി.ബി രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കുറുകൾ- വിവരങ്ങ**ൾ** ലഭ്യമാക്കേണ്ടതാണ് | 1-11 |
| 19 | അങ്കണവാടികൾക്ക് ബേബി ചെയർ, വാട്ടർ ടാങ്ക്, പ്രഷർ കുക്കർ വാങ്ങൽ സർക്കാർ നിർദേശം പാലിച്ചില്ല. | 1-12 |
| 20 | അങ്കണവാടികൾക്ക് നെയിം ബോർഡ് -ടെണ്ടർ നടപടികളില്ലാതെ ARTCO മുഖേന നടപ്പാക്കി. | 1-13 |
| 21 | പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 22 | ബോർവെൽ നിർമ്മാണം-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല | 1-15 |
| 23 | വാട്ടർ കിയോസ്കുകൾ വാങ്ങൽ പദ്ധതി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |

| | | |
|---|---|---|
| 24 | സർക്കാർ അനുമതിയില്ലാതെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങി.ചെലവ് തുക ₹ 14,500/- ഓഡിറ്റ് അംഗീകരിക്കുന്നില്ല. | 1-17 |
| 25 | റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 11,467 രൂപ | 1-18 |
| 26 | പത്രാസും പടി ആലും തോട്ടം റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 5473 രൂപ | 1-18-1 |
| 27 | തീണ്ടാർപ്പ് മൊയ്തുട്ടിപ്പടി റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 5994 രൂപ | 1-18-2 |
| 28 | മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 8525 രൂപ | 1-19 |
| 29 | വല്ലംകുളം പാലം നിർമ്മാണ പ്രവൃത്തി റീട്ടെയ് നിംഗ് വാൾ തകർന്നത് സംബന്ധിച്ച് - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് | 1-20 |
| 30 | അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 3,12,227 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല. | 1-21 |
| 31 | അഗതി രഹിതം പദ്ധതി - പദ്ധതിക്ക് വേണ്ടി 3 അക്കൗണ്ടുകൾ പരിപാലിക്കുന്നത് ക്രമപ്രകാരമല്ല. | 1-22 |
| 32 | തനത് വരുമാനം-അവലോകനം. | 1-23 |
| 33 | എസ്.എസ്.കെ വിഹിതം:പദ്ധതി അപാകതകൾ | 1-24 |
| 34 | ബഡ്സ് സ്കൂളിനു ഉപകരണങ്ങൾ നല്കൽ:പദ്ധതി അപാകതകൾ | 1-25 |
| 35 | അഗതി രഹിത കേരളം:ചെലവു രേഖകൾ ലഭ്യമല്ല | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സർക്കാർ അനുമതിയില്ലാതെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങി.ചെലവ് തുക ₹ 14,500/- ഓഡിറ്റ് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 11,467 രൂപ | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-07-2023 ലെ 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി:

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും(9298147) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (-23461257) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിപ്രിസിയേഷൻ- അനുബന്ധ വിവരങ്ങളില്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 - 4 (ജി))

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം Contractor's Retention ഇനത്തിൽ 82666/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആയത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

## 1-1-5 അഡ്വാൻസ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

A) വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ള പ്രൊജക്ട് നം.139/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കെ.എസ്.ഇ.ബിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത 800000/- രൂപ വാർഷികകണക്ക് പ്രകാരം Kerala State Housing Board ലേക്ക് ഡെപ്പോസിറ്റ് ചെയ്തതായാണ് കാണിച്ചിട്ടുള്ളത്. ആയത് ക്രമീകരിച്ചിട്ടില്ല.

B)അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advance To Comfort Station 28350/-രൂപ വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.

C) വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Advance To Others - 424196/-രൂപ അഡ്വാൻസ് ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 തൊഴിൽ നികുതി വരവ് ഡി.സി.ബി രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിലെ Rp-1ഷെഡ്യൂൾ പ്രകാരം Profession Tax Employees ഇനത്തിൽ 1670410/-രൂപ വരവുണ്ട് എന്നാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരം ഈയിനത്തിലെ വരവ് 1676160/- രൂപയാണ്.

## 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പഴയ ആസ്തികളുടെ മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| തീരുമാനം നം.1(1)/30.03.2022 | തീരുമാനം നം.3(1)/13.03.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 29976555 |
| വരവ് | 189925860 |
| ആകെ | 219902415 |
| ചെലവ് | 180627713 |
| നീക്കിയിരിപ്പ് | 39274702 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24012939 | 24012939 | 22889758 | 1123181 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 2970074 | 2970074 | 2663179 | 306895 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13962000 | 13962000 | 10490367 | 3471633 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7178000 | 7178000 | 6548632 | 629368 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8285777 | 8285777 | 5915127 | 2370650 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4600043 | 4600043 | 4533513 | 66530 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 160870958 | 186 | 74534812 | 0 | 50 | 78% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 472783 | 1052121 | 1524904 | 1443422 | 81482 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21158314 | 21158314 | 21158314 | 0 |
| ആകെ | 472783 | 22210435 | 22683218 | 22601736 | 81482 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1340800 | 131 |
| വിധവാപെൻഷൻ | 17077000 | 1457 |
| വാർദ്ധക്യകാലപെൻഷൻ | 30103200 | 2731 |
| വികലാംഗപെൻഷൻ | 5521000 | 498 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 227600 | 19 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2023 ന് 10.00AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50549/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ

സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. 25,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ നടത്തേണ്ടത് Gem മുഖേനയാണ്. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ആയത് പാലിച്ചിട്ടില്ല.

4. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലുള്ള തുക തൻവർഷത്തിൽ സെക്രട്ടറിക്ക് കൈമാറിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01/10.2022 To 31.10.2022 | ലഭ്യമായിട്ടില്ല |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ മേൽ ഡെപ്പോസിറ്റ് തുക പൂർണമായോ , പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ വിവിധ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 27.04.2023 ലെ കെ.എസ്.എ. 117/സി.എ.ആർ 3/2023 നം. നിർദേശ പ്രകാരം ഇക്കാര്യത്തിലെ നിലവിലെ സ്ഥിതി വിവരം ശേഖരിക്കേണ്ടതിനാൽ 12, 13 എന്നീ പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെയും അവയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം:

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2012-13 | KWA | ചക്കരച്ചെമ്മാട് കുടിവെള്ള പദ്ധതി | 69-2/12/ 25.02.12 | 19,00,000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2014-15 | KSEB | സ്ട്രീറ്റ്മെയിൻ വലിക്കൽ | 21400956 Dt 23.02.15, | 189498 | UC ലഭ്യമല്ല | 189498 |
| 2016-17 | KSEB | സമ്പൂർണ്ണ വൈദ്യുതീകരണം(291/17) | 21600752 | 325000 | UC ലഭ്യമല്ല | 325000 |
| | GWD | തിരുനാവായ കുടിവെള്ള പൈപ്പ്ലൈൻ (296/17) | 41600222 | 2654997 | UC ലഭ്യമല്ല | 2654997 |
| | KWA | കുഴൽക്കിണർ റിപ്പയർ (280/17) | 21600740 21600743 | 179892 | UC ലഭ്യമല്ല | 179892 |
| | KSEB | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (9/2017) | 21600989 തി 21.03.17. 21600878 | 441000 | UC ലഭ്യമല്ല | 441000 |

| | | | | | | |
|---|---|---|---|---|---|---|
| | | | തി 25.03.17 | | | |
| 2017-18 | KWA | തിരുനാവായ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | ലഭ്യമല്ല | 2063000 | UC ലഭ്യമായിട്ടില്ല | 2063000 |
| 2018-19 | KWA | തിരുനാവായ കുടിവെള്ള പദ്ധതി | 21801126/10.1.2019 | 2000000 | ലഭ്യമല്ല | 2000000 |
| 2019-20 | KSEB | നാലാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കാനാവശ്യമായ തുക കെഎസ്ഇബിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | ലഭ്യമല്ല | 580209 | UC ലഭ്യമല്ല | 580209 |
| | | ജാറത്തിങ്ങൽ എസി നിരപ്പ് റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | " | 309794 | UC ലഭ്യമല്ല | 309794 |
| | | കാടാമ്പുഴ പടിഞ്ഞാറേ നിരപ്പ് റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | " | 157484 | UC ലഭ്യമല്ല | 157484 |
| | | നീരടി പിഎംഎസ്എ സ്കൂൾ റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | " | 203336 | UC ലഭ്യമല്ല | 203336 |
| | KWA | തിരുനാവായ കുടിവെള്ള പദ്ധതി നാലാം ഘട്ടം | " | 2500000 | UC ലഭ്യമല്ല | 2500000 |
| 2020-21 | KWA | തിരുനാവായ കുടിവെള്ള പദ്ധതി നാലാം ഘട്ടം | " | 450000 | UC ലഭ്യമായിട്ടില്ല | 450000 |
| | | തിരുനാവായ കുടിവെള്ള പദ്ധതി അഞ്ചാം ഘട്ടം | " | 500000 | UC ലഭ്യമല്ല. | 500000 |
| | KSEB | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കാൻ തുക ഡെപ്പോസിറ്റ് ചെയ്യൽ | " | 500000 | UC ലഭ്യമല്ല. | 500000 |
| 2021-22 | KSEB | പ്രൊജക്ട് നം.139/22 സ്ട്രീറ്റ് മെയിൻ നീട്ടൽ | 22100428/19.3.22 | 1200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | UC ലഭ്യമല്ല. | 1200000 |
| | | | 22100498/30.3.22 | | | |
| | | പ്രൊജക്ട് നം.152/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21150852010801153646/17.2.22 | 750680 (വികസനഫണ്ട്) | UC ലഭ്യമല്ല. | 1500000 |
| | | | 21150852010801153638/17.2.22 | | | |
| | | | 22100415/17.3.22 | 749320 (തനതു ഫണ്ട്) | UC ലഭ്യമല്ല. | |
| | | | 22100416/17.3.22 | | | |

മേൽ പട്ടികയിൽ കാണിച്ച പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ക്രമീകരിക്കുകയോ തിരികെ അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന അറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം.01/25-09-2023 ന മറുപടി ലഭ്യമായിട്ടില്ല. നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതിന പരിഗണിക്കുന്ന വിഷയം ആയതിനാൽ ഇക്കാര്യത്തിൽ കൃത്യമായ വിവരങ്ങൾ ആദ്യ മറുപടിയിൽ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 അങ്കണവാടികൾക്ക് ബേബി ചെയർ, വാട്ടർ ടാങ്ക്, പ്രഷർ കുക്കർ വാങ്ങൽ സർക്കാർ നിർദേശം പാലിച്ചില്ല.

പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികൾക്ക് വേണ്ടി വിവിധ സാധനങ്ങൾ വാങ്ങുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിൽ ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 ഉത്തരവ് പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചിട്ടില്ല. ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിന ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.
താഴെ ചേർക്കുന്ന പദ്ധതികളിലെ വാങ്ങലുകളിൽ ജെം മുഖേനയല്ലാത്ത ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം- 146/22-23 (അങ്കണവാടികൾക്ക് കുക്കർ വാങ്ങൽ)
അടങ്കൽ. 99490/-രൂപ (മെയിന്റെനൻസ് ഫണ്ട്-നോൺ റോഡ്)

ചെലവ്. 98300/-രൂപ (മെയിന്റെനൻസ് ഫണ്ട്-നോൺ റോഡ്)
BRN-22150852035100950051/23.12.2022
പദ്ധതി പ്രകാരം ക്ലാസിക്കോ ഹോം സെന്റർ എടപ്പാളിൽ നിന്നും EDPL09391/14.12.2022 നമ്പർ ഇൻവോയിസ് പ്രകാരം 38 കുക്കറുകൾ വാങ്ങി.

2) പ്രോജക്ട് നം. 104/22-23 (അങ്കണവാടികൾക്ക് ഫാൻ വാങ്ങൽ)
അടങ്കൽ- 70,000/-രൂപ (മെയിന്റെനൻസ് ഫണ്ട്-നോൺ റോഡ് & തനത് ഫണ്ട്)
ചെലവ്- 70,000/-രൂപ
(മെയിന്റെനൻസ് ഫണ്ട്-നോൺ റോഡ് (69077/-രൂപ-BRN-22150852035100950049/23.12.2022 & തനത് ഫണ്ട് -923/-രൂപ-വൗച്ചർ നം-22200736/18.01.2023)
പദ്ധതി പ്രകാരം ക്ലാസിക്കോ ഹോം സെന്റർ എടപ്പാളിൽ നിന്നും EDPL09400/14.12.2022 നമ്പർ ഇൻവോയിസ് പ്രകാരം 22 ഫാൻ വാങ്ങി.

3)പ്രോജക്ട് നം. 103/22-23 (അങ്കണവാടികൾക്ക് വാട്ടർടാങ്ക് വാങ്ങൽ)

അടങ്കൽ-50150/-രൂപ (മെയിന്റെനൻസ് ഫണ്ട്-നോൺ റോഡ്)
ചെലവ്. 50150/-രൂപ (മെയിന്റെനൻസ് ഫണ്ട്-നോൺ റോഡ്) BRN- 22150852035101270867/01.03.2023
പദ്ധതി പ്രകാരം ഇല്ലം ഇലക്ട്രോണിക്ക് ബസാർ വളാഞ്ചേരിയിൽ നിന്നും SBC/297/23.02.2023 നമ്പർ ഇൻവോയിസ് പ്രകാരം 17 വാട്ടർടാങ്ക് വാങ്ങി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(06/26.09.2023)ക്ക് ഇനി മുതൽ സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ GeM മുഖേന വാങ്ങാൻ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.
വാങ്ങൽ നടപടികളിൽ സർക്കാർ നിർദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 അങ്കണവാടികൾക്ക് നെയിം ബോർഡ് -ടെണ്ടർ നടപടികളില്ലാതെ ARTCO മുഖേന നടപ്പാക്കി.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ എന്ന പ്രോജക്ട് ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്.
പ്രൊജക്ടിന്റെ വിശദ വിവങ്ങൾ താഴെ നൽകുന്നു.

പ്രൊജക്ട്- അങ്കൻവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ (പ്രോജക്ട് നം- 83/2022-23) (SO)
സ്ഥാപനം -Artisans Developement Co- Operative Ltd
അടങ്കൽ-99500/-രൂപ ( കേന്ദ്രാവിഷ്കൃത ഫണ്ട്-96000/- രൂപ തനത് ഫണ്ട്-3500/-രൂപ)
ചെലവ്- 99500/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്-96000/- രൂപ , വൗച്ചർ നം-22200575/19.10.2022 തനത് ഫണ്ട്-3500/-രൂപ,വൗച്ചർ നം- 22200633/26.11.2022)
പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകത കാണുന്നു.
സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി ARTCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (GO(Rt) No.6/2022/SPD Dt. 02.02.2022) മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ ARTCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവിൽ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാധനങ്ങൾ വാങ്ങുന്നതിന് മറ്റു പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ സ്റ്റോഴ്സ് പർച്ചേസ് (എ) വകുപ്പിന്റെ നമ്പർ SPD-A3/55/2022/SPD തിയതി 02.02.23 എന്ന സർക്കുലറും നിലനിൽക്കുന്നുണ്ട്.
എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങി വിതരണം ചെയ്ത 4 Ft Length* 3 Ft Width, G.I Pipe Frame Sticker Writing- Specifications ഉള്ള 34 നെയിം ബോർഡുകൾ(Invoice No.436/19.03.2022 (34 Nos X 3000= 102000- Limited To 99500)) മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടതല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(7/26.09.2023)ക്ക് തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുമെന്നും മറുപടി ലഭ്യമാക്കി. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ വാങ്ങൽ നടപടികൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും, വിലയും ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടതാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 12/23 പരിരക്ഷ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 8,46,120/-( 599837വികസന ഫണ്ട്.പൊതു വിഭാഗം., 46283 തനത് ഫണ്ട്, 200000- മെയിന്റനൻസ് ഫണ്ട് റോഡിതരം.)

ആകെ ചെലവ്- 750868/- ( 505570വികസന ഫണ്ട്.പൊതു വിഭാഗം., 45299തനത് ഫണ്ട്, 199999- മെയിന്റനൻസ് ഫണ്ട് റോഡിതരം. )

ബിൽ നമ്പർ .22150852035301231456/23.02.2023 -1,99,999/-

22150852035301531088/28.03.2023- 83050/-

(ചെലവ് തുകയിൽ ബാക്കിയുള്ള തുക പരിരക്ഷ നഴ്സ് വേതനം, വാഹന വാടക, ഭക്ഷണം എന്നിവ നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്.)

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറിപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.) മേൽ ഉത്തരവ് ഖണ്ഡിക 2.9.1, 2.9.2 എന്നിവ പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരിക്കുന്നു. 2022-23 വർഷത്തിൽ 4 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്.

3.)ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് PRF3332/04.01.2023-₹ 199999/-, പ്രഫോർമ ഇൻവോയ്സ് PRF5297/14.03.2023-₹ 83050/-) മേൽ ബില്ലുപ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് | ഇൻവോയിസ് നം ./ തീയ്യതി | തുക |
|---|---|---|
| PRF3332/04.01.2023-₹ 199999/- | 663/10.04.2023 | 19560 |
| | 729/11.04.2023 | 812 |
| | 1584/4.05.2023 | 19196 |
| | 2725/6.05.2023 | 502 |
| | 4059/18.05.2023 | 2132 |
| | 3788/16.05.2023 | 56147 |
| | 6738/30.05.2023 | 50505 |
| | 6996/01.06.2023 | 13500 |
| | 8425/10.06.2023 | 3962 |
| | 9598/17.06.2023 | 341 |
| | 10606/26.06.2023 | 10727 |
| | 11880/07.07.2023 | 4284 |
| | ആകെ | 181668 |
| PRF5297/14.03.2023-₹ 83050/-) | 6137/26.05.2023 | 25716 |
| | 7614/03.06.2023 | 3202 |
| | ആകെ | 28918 |
| | മൊത്തം | 210586 |

ഇനിയും ലഭിക്കാത്ത മരുന്നുകൾ 72,463/- (283049-210586) ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 13/27.09.2023) ലഭ്യമാക്കിയ മറുപടിയിൽ പുതിയ ആക്ഷൻ പ്ലാൻ പ്രകാരം കിടപ്പിലായ രോഗികളെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ ഓരോ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ 2 മാസത്തിലൊരിക്കൽ പി.എം.സി. മീറ്റിംഗ് കൂടുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ബോർവെൽ നിർമ്മാണം-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ-273/23 ബോർവെൽ നിർമ്മാണം-തുക ഡെപ്പോസിറ്റ് ചെയ്യൽ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-52106/- (42106-വികസന ഫണ്ട് പൊതു വിഭാഗം, 10000 ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- 16280-വികസന ഫണ്ട് പൊതു വിഭാഗം

ബിൽ നമ്പർ 22150852010801544538/28.03.2023

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ജാറത്തിങ്ങൽ അംഗൻവാടി, തടം പറമ്പ് അംഗൻവാടി, പെരുംകുളം(പൊതു), തീണ്ടാർപ്പ് അംഗൻവാടി, ബഡ്സ് സ്കൂൾ, യുനാനി ഹോസ്പിറ്റൽ, കാടാമ്പുഴ അംഗൻവാടി, ചാലിയംകടം അംഗൻവാടി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിലേക്ക് ഭൂ ജല സർവ്വേ നടത്തുന്നതിന് ഒരു സ്ഥലത്തിന് 2035 രൂപ നിരക്കിൽ 8 സ്ഥലങ്ങൾക്ക് 16280 രൂപ ഭൂ ജല വകുപ്പ്, മലപ്പുറം ലേക്ക് തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വെള്ളത്തിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 17/27.09.2023) ലഭ്യമാക്കിയ മറുപടിയിൽ ഏപ്രിൽ,മെയ് മാസങ്ങളിൽ ഫോൺ മുഖേനയും നേരിട്ടും ഭൂ ജല വകുപ്പ് ഓഫീസിൽ അന്വേഷിച്ചപ്പോൾ മാറാക്കര പഞ്ചായത്ത് തുക അടവാക്കിയതിന്റെ മുന്നേ തുക അടച്ചവരുടെ സർവ്വെ നടത്തിയിട്ടില്ല എന്നും ജീവനക്കാരുടെ കുറവ് കാരണം കാലതാമസം നേരിടും എന്ന് അറിയിച്ചതായും പിന്നീടും നിരന്തരം ഭൂ ജല വകുപ്പിന്റെ ഓഫീസിൽ നേരിട്ട് അന്വേഷിച്ചതിൽ മഴ പൂർണ്ണമായും ഒഴിവായാലാണ് സാധിക്കുക എന്നും ആയത് കാരണം സർവ്വേ നാളിതുവരെ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്നും സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളത്തിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വാട്ടർ കിയോസ്കുകൾ വാങ്ങൽ പദ്ധതി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1)പ്രോജക്ട് നമ്പർ-282/23 എഫ്.എച്ച്.സി.യിലേക്ക് വാട്ടർ കിയോസ്ക് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-4,95,000/- ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ്- 4,94,111/-

ബിൽ നമ്പർ 22150852010801557873/29.03.2023 ₹4,94,111/-

2) പ്രോജക്ട് നമ്പർ-284/23 കാടാമ്പുഴ ബസ്റ്റാന്റിലേക്ക് വാട്ടർ കിയോസ്ക് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-4,95,000/- ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ്- 4,94,111/-

ബിൽ നമ്പർ 22150852010801557860/29.03.2023 ₹4,94,111/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം എഫ്.എച്ച്.സി.യിലേക്ക് വരുന്ന നിർദ്ധനരായ രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും , കാടാമ്പുഴ ബസ്റ്റാന്റിൽ എത്തുന്ന പൊതു ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനും GeM മുഖേന വാട്ടർ കിയോസ്കുകൾ വാങ്ങുന്നതിനാണ് വിഭാവനം ചെയ്തത്. ആയത് പ്രകാരം GeM മുഖേന 5 ലക്ഷത്തിന് താഴെയുള്ള വാങ്ങൽ നടപടികൾ പ്രകാരം കംപാരറ്റീവ് ഷീറ്റിലെ നിരക്കിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള (എൽ 1) വാട്ടർ വേൾഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് വാട്ടർ കിയോസ്കുകൾ വാങ്ങി.(ഇൻവോയ്സ് നമ്പർ A000441/ 23.03.2023 4,94,111/-, ഇൻവോയ്സ് നമ്പർ A000440/

23.03.2023 4,94,111/-) പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ കൊടുക്കുന്ന ചുവടെ കൊടുക്കുന്ന അപാകതകൾ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

1. വാട്ടർ കിയോസ്കുകൾ വാങ്ങുക എന്ന ഒരേ ഇനം പ്രവൃത്തിക്ക് 2 വ്യത്യസ്ഥ പ്രോജക്ടുകളായാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. മേൽ പ്രോജക്ടുകൾ പ്രകാരം 2 വാട്ടർ കിയോസ്കുകൾ വാങ്ങിയിട്ടുള്ളത് ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ തീയതിയിലാണ് (09.03.2023 ലെ കംപാരിസൺ ഷീറ്റുകൾ, 23.03.2023 ലെ ഇൻവോയ്സ് ബില്ലുകൾ). GeM മുഖേന 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾ ടെണ്ടർ മുഖേന നടപ്പിലാക്കുമായിരുന്നങ്കിൽ കൂടുതൽ മത്സര സ്വഭാവം കൈവരിക്കാനും ചെലവ് കുറക്കാനും സാധിക്കുമായിരുന്നു. ഒരേ ഇനം വാങ്ങൽ നടപടികൾക്ക് GeM ൽ ബിഡിനുള്ള അവസരം ഉണ്ടായിരിക്കേ ആയത് ഒഴിവാക്കിയാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

2. കംപാരറ്റീവ് ഷീറ്റ് പ്രകാരം 2,5 രൂപ കോയിനുകൾ ഉപയോഗിക്കാൻ കഴിയുന്ന Unbranded Drinking Vending Machine 500 LPH ആണ് വാങ്ങിയിട്ടുള്ളത് . എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വെള്ളം സൗജന്യമായാണ് വിതരണം ചെയ്യുന്നത്. 26.09.2023 ൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ കംപാരറ്റീവ് ഷീറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള Vending Machine സൗകര്യങ്ങൾ ഉൾപ്പെടുത്തിയ വാട്ടർ കിയോസ്കുകളല്ല സ്ഥാപിച്ചിട്ടുള്ളതെന്ന് കാണാൻ സാധിച്ചു. വെള്ളം വിതരണം സൗജന്യമാണങ്കിൽ Vending Machine സ്പെസിഫിക്കേഷൻ ആവശ്യമില്ലാത്ത മെഷീനായിരുന്നു വാങ്ങേണ്ടിയിരുന്നത്. കൂടാതെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

3. കംപാരറ്റീവ് ഷീറ്റ് പ്രകാരം വാങ്ങിയിട്ടുള്ള വാട്ടർ കിയോസ്കിൽ സ്പെസിഫിക്കേഷൻ പ്രകാരം വെള്ളത്തിന്റെ ഉറവിടമായി കാണിച്ചിട്ടുള്ളത് ഉപരിതല ജലമാണ്. എന്നാൽ ബസ്റ്റാന്റിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കിൽ കുഴൽ കിണറിൽ നിന്നുള്ള വെള്ളമാണ് നിലവിൽ ഉപയോഗിക്കുന്നത്( 26.09.2023 ലെ നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.) അതുകൊണ്ട് തന്നെ ഇതിൽ നിന്നും ഫിൽറ്റർ ചെയ്ത് ലഭിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നമ്പർ 16/27.09.2023) ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയുടെ തീരുമാന പ്രകാരമാണ് പഞ്ചായത്തിലെ രണ്ട് വ്യത്യസ്ഥ സ്ഥലങ്ങളിൽ വാട്ടർകിയോസ്കുകൾ സ്ഥാപിക്കുന്നതിന് 2 വ്യത്യസ്ഥ പദ്ധതികളായി നടപ്പാക്കിയതെന്നും, ഓരേ ഇനം പ്രവർത്തികൾക്ക് ഒരു പദ്ധതി എന്ന രീതിയിലും ആകെ ഇനങ്ങൾക്ക് 5 ലക്ഷത്തിന്റെ മുകളിൽ വരുന്ന പദ്ധതികൾ ടെണ്ടർ നടപടികൾ പ്രകാരം മാത്രമേ പദ്ധതികൾ നടപ്പിലാക്കുകയൊള്ളൂ എന്നും ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും മറ്റു നിർദ്ധരരായ ആളുകൾക്കും സൗജന്യമായി വെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടാണ് Vending Mechine ഒപ്ഷൻ ലഭ്യമാക്കാതിരുന്നതെന്നും ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിലും കുടിവെള്ളം ദുരുപയോഗം ചെയ്യുന്നതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും Vending Mechine നിലവിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ബസ്റ്റാന്റിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കിലെ വെള്ളത്തിന്റെ സോഴ്സ് കുഴൽക്കിണറാണെന്ന് വിതരണക്കാരെ മുൻകൂട്ടി അറിയിച്ചതിനാൽ അതിനനുസൃതമായ ഫിൽറ്ററാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് കുടിവെള്ളം ഇടവിട്ട് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉയർന്ന ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിനും പ്രത്യേകം ശ്രദ്ധചെലുത്തുമെന്നും അറിയിച്ചു.

ഒരേ ഇനം വാങ്ങലുകൾ നടത്തുമ്പോൾ നിർവ്വഹണം ഒറ്റ പദ്ധതിയായി നിർവ്വഹിക്കുന്നതിനും വാങ്ങൽ നടപടിക്രമങ്ങൾ അതിനനുസൃതമായിരിക്കാനും തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധിക്കേണ്ടതാണ്. വെള്ളത്തിന്റെ ഗുണനിലവാരം അംഗീകൃത ലാബിൽ നിന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വാട്ടർ ATM കളിൽ നിന്നുള്ള കളക്ഷൻ ശേഖരിക്കുന്നതിനുള്ള നടപടികളുടെ മാർഗ്ഗ രേഖ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.തുടർ നടപടികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-17 സർക്കാർ അനുമതിയില്ലാതെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങി.ചെലവ് തുക ₹ 14,500/- ഓഡിറ്റ് അംഗീകരിക്കുന്നില്ല.

06.04.2022 ലെ സ.ഉ.(സാധാ) നം. 873/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അദ്ധ്യക്ഷൻമാർ, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 15000/- രൂപ വരെയുള്ള മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ 22200843/17.03.2023 ₹ 14,500/- പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഫോൺ(VIVO Y224+64GB METAVERSE GREEN JAPAN SQUARE,TIRUR എന്ന സ്ഥാപാനത്തിൽ നിന്നും Invoice No 2223JPHM12470/28.02.2023 -14500/- പ്രകാരം) വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ

ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/29.09.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസിഡന്റ് ഔദ്യോഗികാവശ്യങ്ങൾക്ക് പുറത്ത് പോകുമ്പോൾ ILGMS സോഫ്റ്റ് വെയറിൽ ഫയൽ കൈകാര്യം ചെയ്യൽ തടസ്സമില്ലാതെയും സമയബന്ധിതമായും ചെയ്യുന്നതിനാണ് കേരള പഞ്ചായത്ത് രാജ് ചട്ടം 14 പ്രകാരം അസാധാരണ ചെലവിൽ ഉൾപ്പെടുത്തിയാണ് ഭരണ സമിതി തീരുമാന പ്രകാരം മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങിയതെന്ന് അറിയിച്ചു.

മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കാർ അനുമതിയില്ലാതെയുള്ള ഈ ഇനത്തിൽ ചെലവഴിച്ച തുക (14500/- രൂപ) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 11,467 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് ഈ പ്രവൃത്തികളിൽ അനുവദിനീയമായത്. പ്രവൃത്തികളിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുകൾ ഉണ്ടായിട്ടുണ്ട്.

### 1-18-1 പത്രാസും പടി ആലും തോട്ടം റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 5473 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് ശരാശരി 3.80 മീറ്റർ വീതിയിലും, 26.7 മീറ്റർ നീളത്തിലും ശരാശരി 0.2 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | പത്രാസും പടി ആലും തോട്ടം റോഡ് ടാറിംഗ് (131/23) |
| അടങ്കൽ/ ചെലവ് | 330000/ 250000 |
| കരാർ | 46/AE/LSGD/MRY/ 6.02.2023 |
| ടി എസ് | TS/96127/25.11.2022 |
| BRN | 22150852034801391880/16.03.23 Plan (G) |
| കരാറുകാരൻ | P.സൈതാലിക്കുട്ടി |
| M Book | E M Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% & DSoR 2018) | 5502.52/- (15.253 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% & DSoR 2018) | 983.05/- ( 15.253 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 5861/- (le, 4519.47+9.9% Tender Excess+18% GST) |

പ്രവൃത്തിയിലുണ്ടായ അധിക ചെലവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/29.9.23) മറുപടിയായി സ്ലോപ്പ് കൃത്യമായി പരിപാലിച്ച് കൊണ്ട് ഡോസർ ഉപയോഗിച്ച് മണ്ണ് നീക്കൽ ചെയ്യൽ പ്രായോഗികമല്ലാത്തതിനാലാണ് MoRD Code 3.5.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് എന്നറിയിച്ചു. എന്നാൽ വീതി കൂടിയ ഈ സൈറ്റിൽ പ്രസ്തുത പ്രവൃത്തി ഡോസർ ഉപയാഗിച്ച് ചെയ്യുന്നതിന് യാതൊരു പ്രയാസവും വരുന്നില്ലാത്തിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തിയിലുണ്ടായ അധിക ചെലവ് 5861 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18-2 തീണ്ടാർപ്പ് മൊയ്തുട്ടിപ്പടി റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 5994 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് ശരാശരി 2.80 മീറ്റർ വീതിയിലും, 18 മീറ്റർ നീളത്തിലും ശരാശരി 0.45 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | തീണ്ടാർപ്പ് മൊയ്തുട്ടിപ്പടി റോഡ് ടാറിംഗ് (102/23) |
| അടങ്കൽ/ ചെലവ് | 250000/ 273991 (Tender Excess) |
| കരാർ | 63/AE/LSGD/MRY/ 8.02.2023 |
| ടി എസ് | TS/82740/7.12.2022 |
| വൗച്ചർ | XVFC/22-23 /P/51/29.03.23 CFC |
| കരാറുകാരൻ | VP.ബഷീർ |
| M Book | E M Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- DSoR 2018) | 6277.05/- (17.40 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% DSoR 2018l) | 1121.43/- ( 17.40 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 6668/- (Ie, 5155.62+9.6% Tender Excess+18% GST) |

പ്രവൃത്തിയിലുണ്ടായ അധിക ചെലവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/29.9.23) മറുപടിയായി സ്ലോപ്പ് കൃത്യമായി പരിപാലിച്ച് കൊണ്ട് ഡോസർ ഉപയോഗിച്ച് മണ്ണ് നീക്കൽ ചെയ്യൽ പ്രായോഗികമല്ലാത്തതിനാലാണ് MoRD Code 3.5.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് എന്നറിയിച്ചു. എന്നാൽ വീതി കൂടിയ ഈ സൈറ്റിൽ പ്രസ്തുത പ്രവൃത്തി ഡോസർ ഉപയാഗിച്ച് ചെയ്യുന്നതിന് യാതൊരു പ്രയാസവും വരുന്നില്ലാത്തിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തിയിലുണ്ടായ അധിക ചെലവ് 6668 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ്

## അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 8525 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|
| തൈക്കാട്ട് ചോല നവീകരണ പ്രവൃത്തി ( SO076/23) | പിഴ ഈടാക്കാത്തത് സംബ- | 2/ 25.9.23 | 2077 | 1230102643/29.9.23 |
| വല്ലംകുളം പാലം പ്രവൃത്തി ( SO025/23) | ബെഡ് കോൺക്രീറ്റിംഗ് തെറ്റായ നിരക്ക് അനുവദിച്ച | 11/ 27.9.23 | 1085 | 1230102615/27.9.23 |
| പത്തായക്കല്ല് ബേക്കറി റോഡ് നവീകരണ പ്രവൃത്തി ( SO055/23) | പിഴ ഈടാക്കാത്തത് സംബ- | 5/ 25.9.23 | 3953 | 1230102650/29.9.23 |
| ചെട്ടിയാരം അംഗൻവാടി നവീകരണ പ്രവൃത്തി ( SO229/23) | Gate ഉണ്ടാക്കിയതിന് Hand Rail ന്റെ നിരക്ക് അനുവദിച്ച | 3/ 25.9.23 | 1410 | 1230102614/29.9.23 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വല്ലംകുളം പാലം നിർമ്മാണ പ്രവൃത്തി റീട്ടെയ് നിംഗ് വാൾ തകർന്നത് സംബന്ധിച്ച് - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

പ്രോജക്റ്റ് - SO070/23

ഫണ്ട് - തനത് ഫണ്ട്

ചെക്ക് - JF 7204849 /19.9.22 – 536919

എം. ബുക്ക് - 106/21-22

കരാർ - 110/21.3.21 (E Tender )

മൂല്യനിർണ്ണയം - 536919 (18% GST ഉൾപ്പെടെ)

കരാറുകാരൻ - ജാസിർ

Cost Index -31.06% (DSoR 2016)

Esti. No.- 2020/115278

TS- 81529/27.10.20 –6,00,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വല്ലംകുളം പാലം നിർമ്മാണ പ്രവൃത്തി 29.9.23 നേരിൽ സന്ദർശിച്ചു. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത കണ്ടു.

പാലത്തിനോടനുബന്ധിച്ചുള്ള തോടിന് 41 മീറ്റർ നീളത്തിൽ 3 മീറ്റർ ഉയരത്തിൽ റീട്ടെയ് നിംഗ് വാൾ കെട്ടിയിട്ടുണ്ട്. ഇതിൽ 5 മീറ്റർ നീളത്തിൽ റീട്ടെയ് നിംഗ് വാൾ തകർന്നു വീണിട്ടുണ്ട്. കെ.എസ്.ഇ.ബി. യുടെ പോസ്റ്റ് മാറ്റുന്നതിനിടെ

സംഭവിച്ച അപാകതയാണ് ഇത് എന്നാണ് പരിസരവാസികൾ ബോധ്യപ്പെടുത്തിയത്. തകർന്ന ഭാഗം പുനർനിർമ്മിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/30.9.23) പ്രവൃത്തിയുടെ കരാറുകാരൻ തന്നെ കെ.എസ്.ഇ.ബി യുടെ പ്രവൃത്തി കാരണം റീട്ടെയ്നിംഗ് വാൾ തകർന്നു വീണത് സംബന്ധിച്ച പരാതി പഞ്ചായത്ത് ഓഫീസിൽ നൽകിയിട്ടുണ്ടെന്നും ഇതിൻമേൽ എഞ്ചിനീയർ വിഭാഗം സ്ഥല പരിശോധന നടത്തിയിട്ടുണ്ടെന്നും അറിയിച്ചു. കെ.എസ്.ഇ.ബി യിലേക്ക് കത്ത് നൽകാൻ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തകർന്ന സംരക്ഷണ ഭിത്തി പുനർനിർമ്മിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 3,12,227 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിൽ പുത്തനത്താണി SBI ശാഖയിൽ ഉള്ള 00000041553178148നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 3,12,227 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/25.9.23) 116002 രൂപ ടെണ്ടർ ഫീ ആയി ലഭിച്ചിട്ടുള്ളതും ബാക്കി കരാറുകാർക്ക് നൽകാനുള്ളതുമാണെന്ന് അറിയിച്ചു. ബന്ധപ്പെട്ട തുകകൾ 2023-24 വർഷത്തിൽ കരാറുകാർക്കും സെക്രട്ടറിക്കും കൈമാറിയിട്ടുള്ളതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുകകൾ അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകി രേഖാ മൂലം വിവരം അറിയിക്കേണ്ടതാണ്. കൂടാതെ കാഷ്ബുക്ക് ക്രമപ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-22 അഗതി രഹിതം പദ്ധതി - പദ്ധതിക്ക് വേണ്ടി 3 അക്കൗണ്ടുകൾ പരിപാലിക്കുന്നത് ക്രമപ്രകാരമല്ല.

അഗതി-ആശ്രയ ഗുണ്ഭോക്താക്കളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ സി.ഡി.എസ്. ചെയർപേർസൺ,മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത അക്കൗണ്ടായി 3 അക്കൗണ്ടുകൾ പരിപാലിക്കുന്നു. ഈ മൂന്ന് അക്കൗണ്ടിലും കൂടി 25,07,720 രൂപ നിലവിൽ നീക്കിയിരിപ്പുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| 1ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 1 | കനറാ ബാങ്ക്, | 4700101005044 | 15,87,026 |
| 2 | എം.ഡി.സി ബാങ്ക്,കാടാമ്പുഴ | 090431201020036 | 20,802 |
| 3 | എം.ഡി. സി ബാങ്ക്,കാടാമ്പുഴ | 090431201000009 | 8,99,892 |
| | ആകെ | | 2507720 |

(ഓഡിറ്റ് തിയതിയിലെ ബാലൻസ് 2507720 രൂപയാണ്. )

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലും , അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. പദ്ധതിക്ക് വേണ്ടി 3 അക്കൗണ്ടിലൂടെ പണമിടപാടുകൾ നടത്തുന്നതും ക്രമപ്രകാരമല്ല. അധികമായുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഇടപാടുകൾ ഒറ്റ അക്കൗണ്ടിലൂടെ മാത്രമാക്കി പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

സ.ഉ.(സാ.ധാ) നം.1751/2022/LSGD തി.21.7.22 പ്രകാരം പദ്ധതി കാലയളവ് നീട്ടിയ സാഹചര്യത്തിൽ നീക്കിയിരിപ്പിൽ കിടക്കുന്ന തുക വിനിയോഗിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണ്. ഇതിൻമേൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-23 തനതു വരുമാനം-അവലോകനം.

തനതു വരുമാനം-മാറാക്കര ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 14 മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. വസ്തു നികുതി പിരിവ് ഊർജിതമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ 11.01.2023 ലെ മീറ്റിംങിൽ (നമ്പർ 5(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട് എന്നതൊഴിച്ചാൽ അതതു മാസങ്ങളിലെ ചെലവുകളുടെ അംഗീകാരം, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാനുള്ള അപേക്ഷകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെട്ടിട്ടുള്ളത്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാറാക്കര ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 23.06.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3/1 നമ്പർ തീരുമാന പ്രകാരം 18.09.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1585 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം

പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ള മൂന്ന് പേരെ അഭിമുഖം നടത്തി തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുകയോ അല്ലെങ്കിൽ യു.എ നമ്പർ നൽകുകയോ ചെയ്ത് വസ്തുനികുതി ചുമത്തേണ്ടതാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല. സേവനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

മറ്റിനങ്ങൾ

വിനോദ നികുതി, ലേലം,ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ പഞ്ചായത്തിന് വരവൊന്നും ഇല്ല. പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ

എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 എസ്.എസ്.കെ വിഹിതം:പദ്ധതി അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.എസ്.എ തുക അടവാക്കൽ(ജനറൽ) |
| പ്രൊജക്ട് നം. | 140/23 |
| നിർവഹണം | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 6,00,000 |
| ചെലവ് | 6,00,000 |
| ബിൽ റെഫ. നം./തിയതി | 2215082039000493057/1.9.22 |
| ഫണ്ട് | പൊതു വിഭാഗം വികസന ഫണ്ട് |

GO(MS) 84/2022/LSGD Dt 19.04.2022 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖ.8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ സമഗ്ര ശിക്ഷ കേരളം, തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. കൂടാതെ ഇതേ മാർഗരേഖയിലെ ഖ. 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ/പരിപാടികളുടെ വിശദാംശങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilization Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്ന കൃത്യമായി നല്കുകയും വേണം.

എന്നാൽ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ട്.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. പ്രൊജക്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് SSK യിൽ നിന്നും ലഭ്യമായിട്ടില്ല.
6. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ഇല്ല.

കൂടാതെ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കാണുന്ന അപാകതകളും കാണുന്നു.

1. വരവു ചെലവുകൾ സ്ഥാപനത്തിന്റെ മെയിൻ കാഷ് ബുക്കിൽ (TR 7A)രേഖപ്പെടുത്തുകയോ സബ്സിഡിയറി റജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല.
2. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വരവു ചെലവ് വിശദാംശങ്ങൾ,ഫണ്ടിനം, ബിൽ/വൗച്ചർ നം. തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ട പ്രൊജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3. സ്റ്റോക്ക്/ ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.(ഗവ. സ്കൂളുകളിലേക്ക് ബെഞ്ച് ഡെസ്ക് വാങ്ങൽ-പ്രൊജക്ട് നം.141/23,കാഴ്ച പരിമിതരായ വിദ്യാർഥികൾക്ക് ലാപ്ടോപ്പ്-പ്രൊജക്ട് നം.82/23)
4. വിവിധ ആനുകൂല്യങ്ങൾ കൈപറ്റുന്ന ഗുണഭോക്താക്കളുടെ കോഴ്സ്,വർഷം തുടങ്ങിയ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല (ഉദാ:- തുല്യതാ പരീക്ഷ-പ്രൊജക്ട് നം.158/23).

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നു അറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.08/26-09-2023 നു മറുപടി ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനും ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. 6,00,000 രൂപ തടസത്തിൽ വെക്കുന്നു.

## 1-25 ബഡ്സ് സ്കൂളിനു ഉപകരണങ്ങൾ നല്കൽ:പദ്ധതി അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂളിനു ഉപകരണങ്ങൾ നല്കൽ |
| പ്രൊജക്റ്റ് നം. | 29/23 (SO) |
| നിർവഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 6,50,000 |
| ചെലവ് | 5,15,505 |
| ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് |

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ബഡ്സ് സ്കൂളിനു ഉപകരണങ്ങൾ വാങ്ങുന്നതിനായി താഴെ കാണുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊഫോമ ഇൻവോയ്സ് പ്രകാരമുള്ള തുക | ബിൽ റെഫ./വൗ ച്ചർ നം./തിയതി | ഇനം | തുക നല്കിയത് |
|---|---|---|---|---|
| 1. | 42407 | 5095419601220020/9.2.23 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ 4ജിബി/512എസ്.എസ്.ഡി | ഐ ടി മിഷൻ |
| 2. | 36544 | 5095419601220021/9.2.23 | ലാപ്പ് ടോപ്പ് 4ജിബി/256എസ്.എസ്.ഡി | ഐ ടി മിഷൻ |
| 3. | 18347 | 5095419601220022/9.2.23 | ലേസർ പ്രിന്റർ | ഐ ടി മിഷൻ |
| 4. | 22476 | 5095419601220023/9.2.23 | A4 ഷീറ്റ് ഫെഡ് കളർ സ്കാനർ | ഐ ടി മിഷൻ |
| 5. | 191231 | 22200884/20.3.22 | A)ARM Chair RUBWOOD(8Nos.) -@5550<br>B)Executive Table RUBWOOD(5.200@ 22627) | ARTCO, മലപ്പുറം |
| 6. | 204500 | 22200938/28.3.23 | A)Interactive Board With OPS-1@192500 | KELTRON |
| | | | B)Speaker With Wireless Mic@12000 | KELTRON |
| | 515505 | | | |

പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1.സ്ഥാപനത്തിനു റജിസ്ട്രേഷൻ ലഭ്യമായിട്ടില്ല.

2.മുകളിൽ കൊടുത്ത പട്ടികയിലെ 1 മുതൽ 4 വരെ ഉപകരണങ്ങൾ സൂക്ഷിക്കാനും പ്രവർത്തിപ്പിക്കാനും മതിയായ സൗകര്യങ്ങൾ നിലവിലെ കെട്ടിടത്തിൽ ഇല്ല എന്നാണ് ബന്ധപ്പെട്ട സ്ഥാപനത്തിലെ ജീവനക്കാർ അറിയിച്ചത്. മതിയായ സൗകര്യം ഉറപ്പ് വരുത്താതെ ഇത്തരത്തിൽ വാങ്ങിയത് ക്രമപ്രകാരമല്ല.

3.കൈപറ്റ് രസീതി പ്രകാരം ഉപകരണങ്ങൾ 27.9.23 നു(ഓഡിറ്റ് വേളയിൽ) മാത്രമാണ് BUDS സ്കൂൾ ടീച്ചർക്ക് കൈമാറിയിട്ടുള്ളത്. വൈകിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ വാറന്റി കാലയളവിലെ സർവീസ് ആനുകൂല്യങ്ങൾ നഷ്ടമാകാൻ ഇടയാകും വിധം പ്രസ്തുത ഉപകരണങ്ങൾ ഓഡിറ്റ് സമയത്തും ഇൻസ്റ്റാൾ ചെയ്യുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല/ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4.ക്രമ നം. 5-B യിലെ ARM Chair RUBWOOD എന്ന ഇനം ARTCO യിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഇനങ്ങളുടെ ലിസ്റ്റിൽ പെടുകയോ ഉപകരണം അവർ നിർമ്മിച്ചതാണെന്ന് സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

5.ക്രമ നം. 6-B യിലെ ഇനം(Wireless Mic With Speaker) ലഭ്യമായതിന്റെയോ, ലഭ്യമാകാത്ത പക്ഷം ആയതിന്റെ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 23/30.9.23 നു മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച റിപ്പോർട്ട്, രജിസ്ട്രേഷൻ ലഭ്യമായ വിവരം എന്നിവ ലഭ്യമാക്കുന്നത് വരെ ചെലവു തുക 5,15,505 രൂപ തടസത്തിൽ വെക്കുന്നു.

## 1-26 അഗതി രഹിത കേരളം:ചെലവു രേഖകൾ ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | അഗതി രഹിത കേരളം |

| | |
|---|---|
| പ്രൊജക്ട് നം. | 136/23 |
| നിർവഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 2,50,000 |
| ചെലവ് | 2,50,000 |
| ബിൽ റെഫ. നം./തിയതി | 22150852030801051628/17.1.23 |
| ഫണ്ട് | വികസന ഫണ്ട് പൊതു വിഭാഗം |

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ അഗതി-ആശ്രയ ഗുണഭോക്താക്കളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ സി.ഡി.എസ്. ചെയർപേർസൺ,മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത അക്കൗണ്ടിലേക്ക് 2,50,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമോ ചെലവ് രേഖകളോ മറ്റു തുടർ നടപടി സ്വീകരിച്ച വിവരങ്ങളോ ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നമ്പർ 19/27.09.2023 നു മറുപടി ലഭ്യമായിട്ടില്ല. ആശ്രയ പദ്ധതിയിലെ തുക അർഹരായവർക്ക് യഥാവിധി ചെലവഴിക്കാൻ നടപടി സ്വീകരിച്ച പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ അനുമതിയില്ലാതെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങി.ചെലവ് തുക ₹ 14,500/- ഓഡിറ്റ് അംഗീകരിക്കുന്നില്ല.

06.04.2022 ലെ സ.ഉ.(സാധാ) നം. 873/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അദ്ധ്യക്ഷൻമാർ, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 15000/- രൂപ വരെയുള്ള മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ 22200843/17.03.2023 ₹ 14,500/- പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഫോൺ(VIVO Y224+64GB METAVERSE GREEN JAPAN SQUARE,TIRUR എന്ന സ്ഥാപാനത്തിൽ നിന്നും Invoice No 2223JPHM12470/28.02.2023 -14500/- പ്രകാരം) വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/29.09.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസിഡന്റ് ഔദ്യോഗികാവശ്യങ്ങൾക്ക് പുറത്ത് പോകുമ്പോൾ ILGMS സോഫ്റ്റ് വെയറിൽ ഫയൽ കൈകാര്യം ചെയ്യൽ തടസ്സമില്ലാതെയും സമയബന്ധിതമായും ചെയ്യുന്നതിനാണ് കേരള പഞ്ചായത്ത് രാജ് ചട്ടം 14 പ്രകാരം അസാധാരണ ചെലവിൽ ഉൾപ്പെടുത്തി ഭരണ സമിതി തീരുമാന പ്രകാം മൊബൈൽ ഹാൻഡ് സെറ്റ് വാങ്ങിയതെന്ന് അറിയിച്ചു.

മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കാർ അനുമതിയില്ലാതെയുള്ള ഊ ഇനത്തിൽ ചെലവഴിച്ച തുക (14500/- രൂപ) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 11,467 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തികളിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം പ്രവൃത്തികളിൽ അധിക ചെലവുകൾ ഉണ്ടായിട്ടുണ്ട്.

## 1. പത്രാസും പടി ആലും തോട്ടം റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 5473

പ്രവൃത്തിയിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് ശരാശരി 3.80 മീറ്റർ വീതിയിലും, 26.7 മീറ്റർ നീളത്തിലും ശരാശരി 0.2 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | പത്രാസും പടി ആലും തോട്ടം റോഡ് ടാറിംഗ് (131/23) |
| അടങ്കൽ/ ചെലവ് | 330000/ 250000 |
| കരാർ | 46/AE/LSGD/MRY/ 6.02.2023 |
| ടി എസ് | TS/96127/25.11.2022 |
| BRN | 22150852034801391880/16.03.23<br>Plan (G) |
| കരാറുകാരൻ | P.സൈതാലിക്കുട്ടി |
| M Book | E M Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% DSoR 2018) | 5502.52/-<br>(15.253 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% & DSoR 2018) | 983.05/-<br>( 15.253 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 5861/- (Ie, 4519.47+9.9% Tender Excess+18% GST) |

പ്രവൃത്തിയിലുണ്ടായ അധിക ചെലവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/29.9.23) മറുപടിയായി സ്ലോപ്പ് കൃത്യമായി പരിപാലിച്ച് കൊണ്ട് ഡോസർ ഉപയോഗിച്ച് മണ്ണ് നീക്കൽ ചെയ്യൽ പ്രായോഗികമല്ലാത്തതിനാലാണ് MoRD Code 3.5.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് എന്നറിയിച്ചു. എന്നാൽ വീതി കൂടിയ ഈ സൈറ്റിൽ പ്രസ്തുത പ്രവൃത്തി ഡോസർ ഉപയാഗിച്ച് ചെയ്യുന്നതിന് യാതൊരു പ്രയാസവും വരുന്നില്ലാത്തിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തിയിലുണ്ടായ അധിക ചെലവ് 5861 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2.തീണ്ടാർപ്പ് മൊയ്തുട്ടിപ്പടി റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 5994 രൂപ

പ്രവൃത്തിയിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് ശരാശരി 2.80 മീറ്റർ വീതിയിലും, 18 മീറ്റർ നീളത്തിലും ശരാശരി 0.45 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | തീണ്ടാർപ്പ് മൊയ്തുട്ടിപ്പടി റോഡ് ടാറിംഗ് (102/23) |
| അടങ്കൽ/ ചെലവ് | 250000/ 273991 (Tender Excess) |
| കരാർ | 63/AE/LSGD/MRY/ 8.02.2023 |
| ടി എസ് | TS/82740/7.12.2022 |
| വൗച്ചർ | XVFC/22-23/P/51/29.03.23 CFC |
| കരാറുകാരൻ | VP.ബഷീർ |
| M Book | E M Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- DSoR 2018) | 6277.05/- (17.40 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 1121.43/- ( 17.40 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 6668/- (le, 5155.62+9.6% Tender Excess+18% GST) |

പ്രവൃത്തിയിലുണ്ടായ അധിക ചെലവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/29.9.23) മറുപടിയായി സ്ലോപ്പ് കൃത്യമായി പരിപാലിച്ച് കൊണ്ട് ഡോസർ ഉപയോഗിച്ച് മണ്ണ് നീക്കൽ ചെയ്യൽ പ്രായോഗികമല്ലാത്തതിനാലാണ് MoRD Code 3.5.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് എന്നറിയിച്ചു. എന്നാൽ വീതി കൂടിയ ഈ സൈറ്റിൽ പ്രസ്തുത പ്രവൃത്തി ഡോസർ ഉപയാഗിച്ച് ചെയ്യുന്നതിന് യാതൊരു പ്രയാസവും വരുന്നില്ലാത്തിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തിയിലുണ്ടായ അധിക ചെലവ് 6668 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | പദ്ധതി നം, പേര് | ലഭിച്ച | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | | തുക (₹) | തുക (₹) | (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം-111/22-23 - നെൽ കൃഷിക്ക് സഹായം | 131709 | 131709 | 0 |
| | പ്രൊ.നം-35/22-23 ലൈഫ് ഭവന നിർമ്മാണം-എസ്.സി | 578200 | 578200 | 0 |
| | പ്രൊ.നം-152/22-23 ലൈഫ് ഭൂമി വാങ്ങിക്കൽ | 400000 | 400000 | 0 |
| | പ്രൊ.നം-34/22-23 ലൈഫ് ഭവന നിർമ്മാണം | 280000 | 280000 | 0 |
| | പ്രൊ.നം-116/22-23 ലൈഫ് ഭവന നിർമ്മാണം(S.O) | 710000 | 710000 | 0 |
| | പ്രൊ.നം-17/22-23 ഭിന്നശേഷി വിദ്യാർഥികൾ - സ്കോളർഷിപ്പ് | 682500 | 682500 | 0 |
| | പ്രൊ.നം-237/22-23 പാലിന് സബ്സിഡി-ജനറൽ | 100000 | 100000 | 0 |
| | പ്രൊ.നം-186/22-23 പാലിന് സബ്സിഡി-എസ്.സി | 800000 | 800000 | 0 |
| | ആകെ | 3682409 | 3682409 | 0 |
| ജില്ലാ പഞ്ചായത്ത് | പ്രൊ.നം-17/22-23 ഭിന്നശേഷി വിദ്യാർഥികൾ - സ്കോളർഷിപ്പ് | 227500 | 227500 | 0 |
| | പ്രൊ.നം-127/22-23 എസ്.സി വിദ്യാർഥികൾ - സ്കോളർഷിപ്പ് | 300000 | 300000 | 0 |
| | ആകെ | 527500 | 527500 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ലൈഫ് ഭവനം ജനറൽ | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1215281 | 3442900 | 1549587 | 0 | 3108594 |

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15000000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 20000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000000 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5000000 | 325719/30.11.2022 |
| ആകെ നിക്ഷേപിച്ച തുക | 5000000 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 13170/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2500 | ലഭ്യമല്ല | 1220105210/20.12.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 3750 | റിഷ ഫർസാന , മെഡിക്കൽ ഓഫീസർ | 1220108143/04.03.2023 |
| ലഭ്യമല്ല | ലഭ്യമല്ല | 6920 | ലഭ്യമല്ല | 1220105204/20.12.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2-3 | 2016-17 | --- | . | നടപടി തുടരുന്നു |
| 2016-17 | 3-15 | 2017-18 | --- | | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2008-09 | 3-3, 3-4p | എ.എ.ടെസീല സെക്രട്ടറി | LF 6611/ Spl.cell/c4 D1/C5/6.3.9 | 15009 | -- | 0 | 15009 | |
| 2 | 2008-09 | 3-9 3-10 3-11 | എസ്. മനോജ്, കൃഷി ഓ◌ാഫീസർ | LF 6611/ Spl.cell/c D1/C5/6.3.9 | 35000 | -- | -- | 35000 | |
| 3 | 2006-07 | 3(3) | ജയരാജൻ, സെക്രട്ടറി | LF 17138/ Spl.cell/sc D1/12/ 11-2-2015 | 4000 | -- | 0 | 4000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 189925860 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 180627713 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 27029 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 1115505 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 14,500 | ശ്രീ. മിഥുൻ കൈലാസ് സി.എ, സെക്രട്ടറി |
| 3-2 | | 6265 | ശ്രീ. സുഭാഷ് കെ.പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 6265 | ശ്രീ. മനോജ് കുമാർഎം.എസ്,അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 27029 | |

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 6,00,000 | ശ്രീമതി. സുധ , ഹെഡ്മിസ്ട്രസ്സ് |
| 1-25 | 5,15,505 | ശ്രീമതി. ബിജി എസ് ,അസി.സെക്രട്ടറി |
| ആകെ | 1115505 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനോജ് കുമാർ എം.എസ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | അശ്വതി ടി.സി 6/1544(6) അയിത്താടി റോഡ് , പ്രശാന്ത് നഗർ, ഉള്ളൂർ തിരുവനന്തപുരം- 695011 |

| | | |
|---|---|---|
| ശ്രീ. സുഭാഷ് കെ.പി , അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് | കളത്തിൽപ്പറമ്പിൽ, എടവണ്ണക്കാട് പി.ഒ, എറണാകുളം – 682502 Mob-9847457954 |
| ശ്രീ. മിഥുൻ കൈലാസ് സി.എ, സെക്രട്ടറി | സെക്രട്ടറി, പാങ്ങോട് ഗ്രാമ പഞ്ചായത്ത് | പറമ്പുകണ്ടത്തിൽ, പയ്യനാട് അടയമൺ പിഒ, കിളിമാനൂർ -695614 Mob- 9946760315 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 |
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 |
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി 16.06.04 | 11 |
| 1999-00, 2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 |
| 2002-03 | കെ.എസ്.എ.എം.പി.എം.13/3065/23(14) തിയ്യതി 27.05.2023 | 6 |
| 2004-05 | കെ.എസ്.എ.എം.പി.എം.13/3065/23(16) തിയ്യതി 27.05.2023 | 7 |
| 2005-06 | കെ.എസ്.എ.എം.പി.എം.13/3065/23(17) തിയ്യതി 27.05.2023 | 9 |
| 2006-07 | കെ.എസ്.എ.എം.പി.എം.13/3065/23(18) തിയ്യതി 05.09.2023 | 6 |
| 2007-08 | കെ.എസ്.എ.എം.പി.എം.13/3065/23(19) തിയ്യതി 29.05.2023 | 2 |
| 2008-09 | കെ.എസ്.എ.എം.പി.എം.13/3065/23(20) തിയ്യതി 05.09.2023 | 7 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.13/3065/23(21) തിയ്യതി 29.05.2023 | 14 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.13/3065/23(22) തിയ്യതി 29.05.2023 | 7 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.13/3065/23(23) തിയ്യതി 29.05.2023 | 5 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി 18.04.2018 | 3 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം13/1826/2017 തിയ്യതി 25.04.2023 | 6 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം13/217/2019 തിയ്യതി 28.04.2023 | 5 |
| 2018-19 | കെ.എസ്.എ.എം.പി.എം13/760/2020 തിയ്യതി 28.04.23 | 7 |
| 2019-20 | കെ.എസ്.എ.എം.പി.എം13/194/2022 തിയ്യതി- 28.04.23 | 4 |
| 2020-21 | കെ.എസ്.എ.എം.പി.എം13/195/2022 തിയ്യതി 28.04.2023 | 7 |
| 2021-22 | കെ.എസ്.എ.എം.പി.എം13/3095/22 തിയ്യതി- 09.03.2023 | 20 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 26-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Marakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Marakkara Grama Panchayat for the year 2022-2023

Date: 30/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Marakkara Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. Net increase in cash and cash equivalance does not match with differene in opening balance and closing balance of cash and cash equivalance in cash flow statement.
3. Fixed assets depreciation- Calculation sheet not append with AFS
4. Deposit register not maintained as reliable for audit.
5. Advance register not maintained as reliable for audit.
6. Investment register not maintained.
7. Audit Recovery register not maintained.

8. Profession Tax DCB register- Mismatch with AFS.
9. Asset register not maintained as reliable for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്